# ടെണ്ടർപരസ്യം

തിരുവില്വാമല ഗ്രൂപ്പ് ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽനിന്നും പരസ്യപ്പെടുത്തുന്നത്

ഈ ഗ്രൂപ്പിൽപ്പെട്ട പഴയന്നൂർ ദേവസ്വം വക പാലസ്പറമ്പിൽ **01/04/2025 മുതൽ 31/03/2026** കൂടിയ കാലത്തേയ്ക്ക് പാർക്ക്ചെയ്യുന്ന സ്കൂട്ടർ, ഓട്ടോറിക്ഷ, മോട്ടോർസൈക്കിൾ എന്നിവക്ക് ആറുമണിക്കൂർ സമയത്തിന് 10/-ക നിരക്കിലും കാർ, ജീപ്പ്, ടെമ്പോ മുതലായവയ്ക്ക് ആറുമണിക്കൂർ സമയത്തിന് 20/-ക നിരക്കിലും പാർക്കിങ്ങ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ടെണ്ടർ നടപടികൾ സ്വീകരിച്ച് ഏൽപ്പിച്ചുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ടെണ്ടർ സമർപ്പിക്കുവാൻ താൽപര്യമുള്ളവർ സംഖ്യ രേഖപ്പെടുത്തി സീൽചെയ്ത ടെണ്ടറുകൾ ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ വെച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ **06.02.2025** നു **3. PM** മുൻപായി നിക്ഷേപിക്കേണ്ടതാണ്. ടെണ്ടർ സംഖ്യ കൂടാതെ നിയമപ്രകാരമുള്ള ജി.എസ്.ടി ടെണ്ടർ ലഭിച്ച ആൾ അടക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി ദേവസ്വം കമ്മീഷണറുടെ പേരിൽ ധനലക്ഷ്മിബാങ്ക് കമരനെല്ലൂർ ശാഖയിൽ മാറാവുന്ന 5000/-ക (അയ്യായിരം രൂപ മാത്രം) യുടെ ഡിമാന്റ്ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ ഉള്ളടക്കം ചെയ്ത കവറിനുപുറത്ത് **"പഴയന്നൂർ പാലസ് പറമ്പിലെ പാർക്കിങ്ങ് ടെണ്ടർ"** എന്നു പ്രത്യേകം എഴുതേണ്ടതാണ്.

ലഭിച്ച ടെണ്ടറുകൾ **06.02.2025 നു 3.15 PM** ന് അപ്പോൾ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും കൂടുതൽ സംഖ്യ രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിലുള്ള ടെണ്ടർ ഉറപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട ദേവസ്വം കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതും ആയത് അംഗീകരിച്ച് വരുന്ന മുറക്ക് സംഖ്യ മുഴുവനും നിയമപ്രകാരമുള്ള ജി.എസ്.ടി സഹിതം ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്. ടെണ്ടർ കൊണ്ടയാളുടെ നിരതദ്രവ്യം സംഖ്യ പാർക്കിങ്ങ് ഫീസ് പിരിക്കുന്നതിനുള്ള ടെണ്ടർ കാലാവധി കഴിയുന്നതുവരെ സെക്യൂരിറ്റി സംഖ്യയായി നിലനിർത്തുന്നതുമാണ്. ദേവസ്വം ഓഫീസർ ബാധ്യതകൾ ഇല്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ടിയാന്റെയും, ടെണ്ടർ അവകാശം ലഭിച്ച ആൾ സംഖ്യ അടച്ച് രശീതി കൈപറ്റുന്ന മുറക്ക് രണ്ടാമത്തെ ടെണ്ടറുകാരന്റെയും ടെണ്ടറുകൾ പരിശോധിച്ചുറപ്പിക്കുന്ന മുറയ്ക്കു മറ്റുള്ളവരുടെയും നിരതദ്രവ്യ DDകൾ തിരികെ നല്കുന്നതാണ്.

പാർക്കിങ്ങ് ഫീ പിരിവ് അവകാശം ലഭിച്ചയാൾ ദേവസ്വം നിശ്ചയിക്കുന്ന നിരക്കിൽകൂടുതൽ ഫീസ് പിരിക്കുവാൻ പാടില്ലാത്തതും, ദേവസ്വത്തിനോ, ഭക്തജനങ്ങൾക്കോ ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ യാതൊരു പ്രവർത്തനങ്ങളും ചെയ്യുവാൻ പാടില്ലാത്തതും ദേവസ്വം ബോർഡുവകവാഹനങ്ങൾ, ദേവസ്വം ജീവനക്കാരുടെ വാഹനങ്ങൾ എന്നിവ പാർക്ക് ചെയ്യുന്നതിന് യാതൊരുവിധ തടസങ്ങളും ഉണ്ടാകാൻ പാടില്ലാത്തതും ദേവസ്വം ഓഫീസർ നൽകുന്ന നിർദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥനുമാണ്. കൂടാതെ പാലസ് കെട്ടിടത്തിലെ കറന്റുചാർജ്ജ് യഥാസമയം അടച്ച് രശീതി ദേവസ്വം ഓഫീസറെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്. പാലസ് പറമ്പിൽ യാതൊരുവിധ അനധികൃത പ്രവർത്തികളും ഉണ്ടാകാൻ പാടില്ലാത്തതാണ്. മേൽ എഴുതിയ സംഗതികളുടെ ഉറപ്പിലേക്കായി 200/-ക മുദ്രപത്രത്തിൽ ടെണ്ടർ ഉറപ്പിക്കുന്ന ആൾ ദേവസ്വം തയ്യാറാക്കുന്ന നിബന്ധനകൾ എഴുതി ഒപ്പിട്ട് തരേണ്ടതാണ്.

ഈ പരസ്യപ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ ദേവസ്വത്തിനു ഗുണകരമല്ലെന്നു കണ്ടാൽ മറ്റു ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് താഴെ ഒപ്പിടുന്ന ആൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ ടെണ്ടറിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ പഴയന്നൂർ ദേവസ്വം ഓഫീസിലോ, ഈ ഓഫീസിലോ പ്രവർത്തിസമയങ്ങളിൽ അറിയാവുന്നതാണ്.

**വടക്കാഞ്ചേരി**
**24.01.2025**

**ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ**
**തിരുവില്വാമല ഗ്രൂപ്പ്**